നമ്പർ 365/2011

# സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളിക്കൈക്കാരന്മാരും, ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരേ,

പ. സഭയെയും നമ്മെയും തന്റെ അളവറ്റ കൃപകളാൽ പ്രതികൂലതകളിലും പ്രതിസന്ധികളിലും തളർന്നുപോകാതെ വഴി നടത്തുന്ന സർവ്വശക്തന്റെ സന്നിധിയിൽ സ്തുതിയും സ്തോത്രവും പുകഴ്ചയും സമർപ്പിച്ചുകൊണ്ട് നിങ്ങൾ ഏവരോടുമുള്ള ബലഹീനനായ നമ്മുടെ സ്നേഹവും സന്തോഷവും നാം അറിയിക്കുന്നു.

സമീപകാലത്ത് പ. സഭ നേരിട്ട ഗുരുതരമായ പ്രതിസന്ധിയായിരുന്നു നമ്മുടെ കോലഞ്ചേരി സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഓർത്തഡോക്സ് വലിയ പള്ളിയിൽ ഉടലെടുത്തത്. കോലഞ്ചേരി പള്ളിയും അനുബന്ധ ആരാധനാ സ്ഥലങ്ങളും സ്വത്തുക്കളും പൂർണ്ണമായും മലങ്കര ഓർത്തഡോക്സ് സഭയുടേതാണെന്നും, 1934-ലെ സഭാ ഭരണഘടനപ്രകാരമാണ് അവ ഭരിക്കപ്പെടേണ്ടതെന്നും ബഹുമാനപ്പെട്ട കോടതി വിധി പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ കോടതിവിധി അപ്പാടെ അവഗണിച്ച് നമുക്ക് ആരാധനാ സ്വാതന്ത്ര്യം നിഷേധിച്ച ജില്ലാ ഭരണകൂടത്തിന്റെ നടപടിക്കെതിരേ, ടി വിധിന്യായങ്ങൾ നടപ്പാക്കിക്കിട്ടണമെന്ന ലക്ഷ്യത്തോടെയാണ് നാമും, നമ്മുടെ കണ്ടനാട് വെസ്റ്റ് മെത്രാസന ഇടവകയുടെ അഭിവന്ദ്യ ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായും, പൂർണ്ണ ബോധ്യത്തോടും, ദൈവാശ്രയത്തോടും, നിശ്ചയദാർഢ്യത്തോടുംകൂടെ ഈ ഉപവാസ സഹന സമരത്തിന് തയ്യാറായത്. മലങ്കര സഭയ്ക്ക് നേരെയുള്ള ഈ നീതി നിഷേധത്തിന് എതിരേ പ്രതിഷേധിക്കുവാനും, നീതി നടപ്പാക്കി കിട്ടുവാനും മറ്റ് യാതൊരു വഴികളും ഫലപ്രദമാകുന്നില്ല എന്ന് തിരിച്ചറിഞ്ഞതിനാലാണ് 2011 സെപ്റ്റംബർ 11-ന് ആരംഭിച്ച് 8 ദിവസം നീണ്ടുനിന്ന ഇത്തരമൊരു കടുത്ത സഹന സമരത്തിന് നാം തയ്യാറായത്. നാമും അഭിവന്ദ്യ തിരുമേനിയും അവശനിലയിലായെങ്കിലും ശുഭകരമായ നിലയിൽ ഈ ഉപവാസ സഹനസമരം പൂർത്തീകരിക്കുന്നതിന് നമുക്ക് കൃപ തന്ന സർവ്വശക്തനായ ദൈവത്തെ നാം മഹത്വപ്പെടുത്തുന്നു. ബലഹീനനായ നമുക്കും, നമ്മുടെ സഹോദരൻ അഭിവന്ദ്യ ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായ്ക്കും നിങ്ങൾ ഓരോരുത്തരും നൽകിയ പിന്തുണ നമ്മുടെ പ്രതീക്ഷകൾക്ക് അപ്പുറമായിരുന്നു. പ്രാർത്ഥനയോടും, കണ്ണുനീരോടും, ഏറെ ത്യാഗമനസ്സോടും കൂടെ നമുക്ക് കരുത്തുപകർന്ന നമ്മുടെ സഹോദര മെത്രാപ്പോലീത്താമാർ, വൈദിക ട്രസ്റ്റി ഡോ. ജോൺസ് ഏബ്രഹാം കത്തനാർ, അത്മായ ട്രസ്റ്റി ശ്രീ. എം. ജി. ജോർജ്ജ് മുത്തൂറ്റ്, അസ്സോസിയേഷൻ സെക്രട്ടറി ഡോ. ജോർജ്ജ് ജോസഫ്, മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ അംഗങ്ങൾ, മാനേജിംഗ് കമ്മറ്റി അംഗങ്ങൾ, നമ്മുടെ വാത്സല്യ നിധികളായ വൈദികർ, കന്യാസ്ത്രീകൾ, ആദ്ധ്യാത്മിക സംഘടനകളുടെ ഭാരവാഹികൾ, പ്രവർത്തകർ, വിശേഷാൽ യുവജനപ്രസ്ഥാനം പ്രവർത്തകർ, നമ്മുടെ മഹത്വവും കിരീടവുമായ സഭാമക്കൾ എന്നിങ്ങനെ എല്ലാവരോടും നമുക്കുള്ള സന്തോഷവും ഹൃദയം നിറഞ്ഞ കൃതജ്ഞതയും നാം അറിയിക്കുന്നു.

(മറുപുറം)

കേവലം പള്ളിതർക്കം എന്നതിലുപരി, നീതിവ്യവസ്ഥയുടെ നിലനിൽപ്പിന്റെ തന്നെ പ്രശ്നമായി ഇതിനെ വിലയിരുത്തി പ്രതികരിച്ച സാംസ്കാരിക നായകർ, പൊതുപ്രവർത്തകർ, വിവിധ മതനേതാക്കൾ, സഹോദരീസഭകളുടെ നേതാക്കൾ, കേരളാ ക്രിസ്ത്യൻ കൗൺസിൽ ഭാരവാഹികൾ തുടങ്ങിയ സമൂഹത്തിന്റെ വിവിധ മേഖലകളിലുമുള്ളവർ നൽകിയ പിന്തുണയെ നാം നന്ദിയോടെ സ്മരിക്കുന്നു.

വാൽസല്യമുള്ളവരെ,

പ. സഭയുടെ പ്രതികൂല സാഹചര്യങ്ങളിൽ സഹായഹസ്തം നീട്ടിയവരെ നാം വിസ്മരിക്കരുത്. സഹായിക്കുവാൻ കടപ്പെട്ടവരും, സഹായിക്കുമെന്ന് നാം പ്രതീക്ഷിച്ചവരുമായ പലരും നമ്മെ ഏറെ നോവിച്ചു. എങ്കിലും, പ്രിയപ്പെട്ടവരേ, സർവ്വശക്തൻ നമ്മുടെ മനസ്സുകൾക്ക് ശക്തിപകരുന്നു. ദൈവം നമ്മോടുകൂടെയുണ്ട്. ബലഹീനനായ നമ്മുടെ ധൈര്യവും, ബലവും നിങ്ങൾ ഓരോരുത്തരുമാണ്. നിങ്ങളേവരും നമുക്കുവേണ്ടിയും പ. സഭയ്ക്കുവേണ്ടിയും സഹിച്ച ത്യാഗവും, ചൊരിഞ്ഞ കണ്ണീരും, ദൈവമുമ്പാകെ സമർപ്പിച്ച പ്രാർത്ഥനകളും നമ്മെ ബലപ്പെടുത്തുകയും നമുക്ക് തികഞ്ഞ പ്രത്യാശ പകരുകയും ചെയ്യുന്നു. വാത്സല്യമക്കളെ, രാഷ്ട്രീയ-പ്രാദേശിക താൽപര്യങ്ങൾക്കും ചിന്തകൾക്കും അതീതമായി എല്ലാവരും പ. സഭയെ സ്നേഹിക്കണം. നമ്മുടെ കർത്താവിന്റെ മന്ദിരവും, മണവാട്ടിയും, ശരീരവുമായ പ. സഭയുടെ ഉന്നമനമായിരിക്കണം നമ്മുടെ പ്രധാന ലക്ഷ്യം. കോലഞ്ചേരി പള്ളിയിലെ പ്രശ്നങ്ങളുടെ ശാശ്വത പരിഹാരത്തിനും, പൂർണ്ണസമാധാനത്തിനും നിങ്ങൾ ഏവരും ഇനിയും പ്രാർത്ഥിക്കണം. യിസ്രായേലിന്റെ ആശ്വാസമായിരുന്ന നെഹമ്യാവിനെപ്പോലെ നമുക്കും ധൈര്യപ്പെടാം: ''സ്വർഗ്ഗത്തിലെ ദൈവം കാര്യം സാധിപ്പിക്കും, നിന്റെ ദാസരായ ഞങ്ങൾ എഴുന്നേറ്റു പണിയും..''

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................



ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

2011 സെപ്റ്റംബർ മാസം 20 -ാം തീയതി
കോലഞ്ചേരി എം. ഒ. എസ്. സി.
മെഡിക്കൽ കോളേജിൽ നിന്നും